ഭാഗമായി കമ്മ്യൂണിറ്റി ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികളും സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന ജോലിഭാരം കൂടുതലുള്ള കൊല്ലം തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ പി.എസ്.സി. ജില്ലാ ഓഫീസുകളിൽ റീഡിപ്ലോയ്മെന്റ് വഴി ഓരോ സെക്ഷനുകൾ കൂടുതലായി അനുവദിച്ചിട്ടുണ്ട് അങ്ങനെ പല നടപടികളിൽക്കൂടി പബ്ലിക് സർവീസ് കമ്മീഷന്റെ നിയമനത്തിലുള്ള കാലതാമസം ഒഴിവാക്കുവാനും പി.എസ്.സി. യെ മറികടന്നുള്ള നിയമനം ഒഴിവാക്കുവാനും ഗവൺമെന്റ് സത്വര നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികളുടെ നടത്തിപ്പിൽ എവിടെയെങ്കിലും അപാകതയുണ്ടെങ്കിൽ അതു പരിഹരിക്കുന്നതാണ്. എല്ലാ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പി.എസ്.സി മുഖേന നിയമനം നടത്താൻ തീരുമാനിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും നിയമനം നടത്തുവാനും പി.എസ്.സി.-യെ മറികടക്കാനുള്ള എല്ലാ ശ്രമങ്ങളേയും നിയന്ത്രിക്കുവാനും ഗവൺമെന്റ് കർശന നടപടി കൈക്കൊള്ളുന്നതിന് ശ്രമിക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. തമ്പാനൂർ രവി : ഞാനിവിടെ ചൂണ്ടിക്കാണിച്ച രണ്ടുകാര്യങ്ങളിൽ ഒന്ന്, ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമൊക്കെ ധാരാളം ഒഴിവുകളുണ്ട്. അത് നികത്തുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാരുടെയും ഗവൺമെന്റ് വകുപ്പദ്ധ്യക്ഷൻമാരുടെയും യോഗം വിളിച്ചുകൂട്ടാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ? രണ്ടാമത്തെ ചോദ്യം പി. എസ്. സി. യുടെ കാലതാമസത്തെ കുറിച്ചാണ്. എഴുത്തുപരീക്ഷ വേണ്ടാത്ത മേഖലകളിൽ നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിച്ച് ഒരു വർഷത്തിനകവും ഇൻറർവ്യൂ മാത്രം ആവശ്യമായ നിയമനങ്ങളിൽ അപേക്ഷ ക്ഷണിച്ച് ആറു മാസത്തിനകവും നിയമനം നടത്താൻ അങ്ങ് കർശനമായ നിർദ്ദേശം നൽകുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി) : ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഗൗരവമായി പരിശോധിക്കുന്നതാണ്.

(2) തൃത്താല-വെള്ളിയാംകല്ല് കോസ്-വേ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. ഇ. ശങ്കരൻ : സർ, ഞാൻ ഈ സഭയിൽ ആദ്യമായി വന്ന അവസരത്തിൽ ആദ്യമായി ഒരു സബ്മിഷനിലൂടെ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഒരു പ്രശ്നമാണ് അഞ്ചുകൊല്ലം തികയാറായിട്ടും പരിഹരിക്കപ്പെടാതെ വീണ്ടും ഈ സഭയുടെ മുൻപിൽ കൊണ്ടുവരുന്നത്. തൃത്താല, പട്ടാമ്പി, ഗുരുവായൂർ ചാവക്കാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ശുദ്ധജലം ലഭിക്കുന്നതിന് ആവശ്യമായ ജലം കിട്ടുമെന്നുള്ള ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ പ്രതീക്ഷകളോടുകൂടി കൊണ്ടുവന്ന ജനങ്ങളുടെ ചിരകാലാഭിലാഷമാണ് തൃത്താല-വെള്ളിയാംകല്ല് കോസ്വേ-കം-ബ്രിഡ്ജ്. 1980-ലാണ് ഇതിന്റെ നിർദ്ദേശം സർക്കാർ അംഗീകരിച്ചത്. അന്നത്തെ എസ്റ്റിമേറ്റ് 5 കോടി രൂപയായിരുന്നു എന്നാണ് അറിയുന്നത്. പന്ത്രണ്ടായിരത്തിലധികം വരുന്ന നെൽക്കൃഷിക്കാർക്ക് ഗുണകരമായ രീതിയിൽ കൃഷി ചെയ്യുന്നതിനും തെങ്ങ്, കമുക്, നേന്ത്രവാഴ തുടങ്ങിയ കൃഷികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും ഉപകാരപ്രദമായ രീതിയിൽ കൂടുതൽ ജലം ലഭിക്കുന്നതിനും വേണ്ടി യുള്ള ഒരു പദ്ധതിയാണിത്. ഭാരതപ്പുഴയിൽ നിന്നും പതിനായിരം ലിറ്റർ വെള്ളം കടലിലേക്ക് ഒലിച്ചുപോകുന്നു. ഈ വെള്ളം തടഞ്ഞു നിർത്തി സംസ്ഥാനത്തിനും ജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് ആവശ്യമായ പദ്ധതിയായ തൃത്താല-വെള്ളിയാംകല്ല് ക്രോസ്-വേ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൃത്താലയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ഓഫീസ് അഞ്ചെട്ടുകൊല്ലം പ്രവർത്തിച്ചു. അത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇതുസംബന്ധിച്ച് ഞാൻ ഈ സഭയിൽ ഒട്ടേറെ സബ്മിഷനുകൾ അവതരിപ്പിച്ചു. അതിനൊക്കെ മന്ത്രി മറുപടി പറഞ്ഞുവെങ്കിൽപ്പോലും 1991 ഡിസംബർ 15-ാം തീയതി പാലക്കാട് കളക്ടറേറ്റിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ വച്ച് ഈ യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾക്ക് ഇനി ഒരു ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമില്ലെന്ന് ഉറപ്പുപറഞ്ഞതാണ്. തൃത്താല-വെള്ളിയാംകല്ല് ക്രോസ്വേ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ 90 ശതമാനം പൂർത്തിയായി എന്നാണ് ഇറിഗേഷൻ ചീഫ് എൻജിനീയർ പറഞ്ഞത്. ആറുകോടി രൂപ ചെലവു വരുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി 25 ശതമാനം വിഹിതം കേരള വാട്ടർ അതോറിറ്റി കൊടുക്കണം. 1992-93-ലെ ബഡ്ജറ്റിൽ തേഡ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഇതിനുള്ള അലോട്ട്മെന്റ് കൊടുക്കാൻ തീരുമാനിച്ചുവെന്നാണ് അവ ലോക നിയോഗത്തിൽ വച്ച് എനിക്കു രേഖാമൂലം തന്നിട്ടുള്ള മറുപടിയിൽ പറയുന്നത്. അതുപോലെതന്നെ 21-3-1995-ൽ എനിക്ക് തന്നിട്ടുള്ള മറുപടിയുണ്ട്. 54255/ISW/യു3/95/ഇറിഗേഷൻ എന്ന നമ്പറിൽ എനിക്കു തന്നിട്ടുള്ള മറുപടിയിൽ 'മേൽസൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ കത്തിൽ ആവശ്യപ്പെടുന്ന തൃത്താല-വെള്ളിയാംകല്ല് ക്രോസ്വേ-കം-ബ്രിഡ്ജ് 1995-96 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് (ഇൻവെസ്റ്റിഗേഷൻ) അയച്ചു കൊടുത്തിരി ക്കുന്നു' എന്നാണ് പറയുന്നത്. പിന്നീടുള്ള കാര്യങ്ങൾ എന്താണെന്ന റിയില്ല. 1993-94-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി പേജ് 22-ൽ 59-ാം നമ്പരായി ചേർത്തിട്ടുള്ളതിൽ പറയുന്നു ഭാരതപ്പുഴയുടെ തീരത്തുള്ള തൃത്താലയ്ക്കടുത്ത് വെള്ളിയാംകല്ലിൽ ജലസേചന സൗകര്യ ത്തിന് ചാവക്കാട് കുന്നംകുളം മുനിസിപ്പാലിറ്റികളിലും, ഗുരുവായൂർ ടൗൺഷിപ്പിലും കുടിവെള്ളം എത്തിക്കുന്നതിനും വേണ്ടി ഏകദേശം 8 കോടി രൂപ ചെലവിൽ തൃത്താല റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുന്നതാണ് എന്ന് ഇതിലേക്കായി 1 കോടി രൂപ നീക്കി വയ്ക്കുന്നു എന്ന് ഈ നിയമസഭയിൽ ബഡ്ജറ്റ് പ്രസംഗത്തിൽ ഉത്തരവാദിത്വബോധത്തോടുകൂടി പറഞ്ഞതാണ്. പക്ഷെ ഒറ്റ പൈസപോലും ഇതിന് നീക്കിവച്ചിട്ടില്ല എന്നുള്ളതാണ് സത്യം. അതിനുശേഷം ബഹു മാനപ്പെട്ട മന്ത്രി തിരുവനന്തപുരത്ത് വിളിച്ചുകൂട്ടിയ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും എം. എൽ. എ. മാരുടെയും യോഗത്തിൽ എടുത്തി ട്ടുള്ള ഒരു തീരുമാനമുണ്ട്. അതിൽ തൃത്താല-വെള്ളിയാംകല്ല് ക്രോസ്വേ-കം-ബ്രിഡ്ജ് ശുദ്ധജല വിതരണത്തിന മാത്രമാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ ക്രോസ്വേ കം-ബ്രിഡ്ജിന്റെ ഉപയോഗം ശുദ്ധജല വിതരണത്തിന് മാത്രമല്ല. 7 കിലോമീറ്ററോളം—അതായത് വെള്ളിയാംകല്ല് മുതൽ പട്ടാമ്പി പാലം വരെ വെള്ളം നിൽക്കുന്ന ദൂരവും അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

കുളമുക്കു കായൽ, വട്ടിക്കായൽ തുടങ്ങിയ എൺപത്തിരണ്ട് ഹെക്ടറോളം വിസ്തീർണ്ണമുള്ള കായലുകളും ഉൾപ്പെടുത്തി ഒരു ടൂറിസ്റ്റ് വികസന കേന്ദ്രമായി അതിനെ വികസിപ്പിച്ചെടുക്കാൻ കഴിയും. എന്നു മാത്രമല്ല, വേനൽക്കാലത്ത് മൽസ്യം വളർത്തുന്നതിനുവേണ്ടി ഇതുപയോഗിക്കാനും കഴിയും. അതുപോലെ പാവറട്ടി ശുദ്ധജല വിതരണ പദ്ധതി, ഗുരുവായൂർ ശുദ്ധജല വിതരണപദ്ധതി എന്നിവ കുന്നംകുളം-ചാവക്കാട് തുടങ്ങിയ പ്രദേശങ്ങളിലേക്ക് പ്രയോജനപ്പെടുന്നതാണ്. അത് ബഹുമാനപ്പെട്ട ഗുരുവായൂർ മെമ്പർ ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് നിരന്തരമായി ആവശ്യപ്പെടുന്നതാണ്. ഇന്ന് പാവറട്ടി ശുദ്ധജല വിതരണ പദ്ധതി 18 പഞ്ചായത്തുകൾക്കായി നടപ്പിലാക്കിക്കൊണ്ടുവരുന്നുണ്ട്. എങ്കിൽപോലും അത് തൃത്താലയിൽ നാലു പഞ്ചായത്തുകൾക്ക് മാത്രമാണ് ഭാഗികമായി ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ നിന്നും ഒരുമണിക്കൂറാണ് വെള്ളം കൊടുക്കാൻ കഴിയുന്നത്. എന്തുകൊണ്ടാണ് കൂടുതൽ വെള്ളം കൊടുക്കാൻ കഴിയാത്തത് ? ഭാരതപ്പുഴയിൽ വെള്ളവുമില്ല. ഭാരതപ്പുഴയുടെ അടിഭാഗം വറ്റി വരണ്ടിരിക്കുന്നു. ഭാരതപ്പുഴ താണുപോയിരിക്കുന്നു. ഭാരതപ്പുഴയെ വിശ്വസിച്ചുകൊണ്ട് കോടിക്കണക്കിന് രൂപ നെതർലാൻറ് ഗവൺമെൻറിൽനിന്നും വാങ്ങി നമ്മൾ ചിലവഴിച്ചുകൊണ്ടിരിക്കുന്നു. ഈ പണം വാങ്ങി പൈപ്പിട്ടു എന്നു പറഞ്ഞിട്ട് കാര്യമില്ല. ഈ പൈപ്പുകളിൽ കൂടി വെള്ളം വന്നാൽ മാത്രമേ ജനങ്ങൾക്ക് അതുകൊണ്ട് ഉപയോഗമുള്ളൂ. നമുക്ക് വെള്ളം ലഭിക്കണമെങ്കിൽ ഭാരതപ്പുഴയുടെ വെള്ളം തടഞ്ഞുനിർത്താനുള്ള സംവിധാനം വേണം. അതുപോലെ ക്രോസ്-വേ-കം-ബ്രിഡ്ജ് വന്നാൽ കോഴിക്കോട് ഗുരുവായൂർ റൂട്ടിൽ 7 കി. മീറ്റർ ദൂരം കുറയുന്നതാണ്. ഇങ്ങനെ വിവിധങ്ങളായ പ്രശ്നങ്ങളും ഉദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കണം. തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഇത് പ്രൈവറ്റ് ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിക്കുന്നുവെന്ന്. അതിനാവശ്യമായ പരസ്യങ്ങൾ ഞങ്ങൾ വിവിധ പത്രങ്ങളിൽ കൊടുക്കുന്നുണ്ട്. ആ പരസ്യത്തിൻറെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കും എന്നു പറഞ്ഞു. പക്ഷെ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. എന്തായാലും ഈ ഗവൺമെൻറിൻറെ കാലാവധി അവസാനിക്കാൻ പോവുകയാണ്. ഇത് കാത്തിരുന്ന് ജനങ്ങൾ മടുത്തിരിക്കുന്നു. ഇത് നടപ്പിലാക്കാൻ കഴിയുമോ ? എങ്കിൽ എന്നു നടപ്പിലാക്കും. ഇല്ലെങ്കിൽ അത് ഉപേക്ഷിച്ചിരിക്കുകയാണ് എന്തെങ്കിലും പറയുന്നതിന് മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ തൃത്താലയ്ക്കടുത്തുള്ളള വെള്ളിയാംകല്ലിലാണ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്നുള്ള ആവശ്യം ഉയർന്നുവന്നത്. ശ്രീ. ഇ. ശങ്കരൻ പറഞ്ഞതുപോലെ ഇതിനൊരു ചരിത്രമുണ്ട്. അതൊന്നും ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വെള്ളിയാംകല്ലിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഗവൺമെൻറ് പല നടപടികളും സ്വീകരിച്ചു. ഞാനും ശ്രീ. ശങ്കരനും ശ്രീ. എം. പി. താമിയും ഇവിടെയുള്ള മറ്റു രണ്ടു എം. എൽ. എ.മാരും പഞ്ചായത്തു പ്രതിനിധികളും കൂടി ഒരുമിച്ചിരുന്ന് ഈ വിഷയത്തെ സംബന്ധിച്ച് ചർച്ചകൾ നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള സാമ്പത്തിക പ്രശ്നത്തെ സംബന്ധിച്ചും വിവിധ പഞ്ചായത്തുകളും നൽകേണ്ട കോൺട്രിബ്യൂഷനെ സംബന്ധിച്ചും ഒരു തീരുമാനമെടുത്തു. ഈ പദ്ധതി കൊണ്ട് ഒറ്റപ്പാലം താലൂക്കിൽ 1390 ഹെക്ടർ സ്ഥലത്ത് കൃഷിക്കു വെള്ളം കൊടുക്കുക എന്നതാണ് ഒരു പർപ്പസ്. മറെറാന്ന് തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കുന്നംകുളം ഗുരുവായൂർ ടൗൺഷിപ്പ് ഇവിടങ്ങളിൽ ശുദ്ധജലവിതരണ പദ്ധതിക്ക് കൂടുതൽ വെള്ളം കൊടുക്കുകയും അതിന്റെ സമീപപ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുകയും ചെയ്യുക, ഇതാണ് ഈ സ്കീമിന്റെ ആശയം എന്നു പറയുന്നത്. 1990-ലെ ഷെഡ്യൂൾ പ്രകാരം ഇതിന് 9 കോടി രൂപയുടെ ഒരു എസ്റിമേറ് ഉണ്ടാക്കി. അതിനുശേഷം ഡീറെയിൽസ് ഇൻവെസ്റിഗേഷൻ നടത്തി, ഇതിന്റെ അടിത്തറയെ സംബന്ധിച്ച് ഇൻവെസ്റിഗേഷൻ നടത്തി വന്നപ്പോൾ ഈ എസ്റിമേറ് തുക 20 കോടി രൂപയായി വർദ്ധിച്ചു. ഇത്രയും ഭീമമായ ഒരു തുക മുടക്കുമ്പോൾ 1390 ഹെക്ടർ സ്ഥലത്തേക്ക് കൃഷിക്ക് വെള്ളം കൊടുക്കാൻ സാധിക്കുക എന്ന ഏക ലക്ഷ്യത്തോടുകൂടിയുള്ള ഈ സ്കീം കേന്ദ്ര ഗവൺമെൻറിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം വന്നു. ആ സന്ദർഭത്തിലാണ് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇതുമായി ബന്ധിപ്പിക്കുന്നതിനുള്ള ശ്രമം ഗവൺമെൻറ് ആരംഭിച്ചത്. ഇത് വിജയപ്രദമാകാതെ വന്ന സന്ദർഭത്തിൽ, ഞാൻ അവസാനം തിരുവനന്തപുരത്തുവച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ വെള്ളിയാംകല്ലിൽ റഗുലേററർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായിട്ടുള്ള സ്ഥലവും സൗകര്യങ്ങളും ഗവൺമെൻറ് ശരിയാക്കിക്കൊടുത്ത്, ഏതെങ്കിലും സഹകാര്യ സ്ഥാപനങ്ങളെക്കൊണ്ട് അല്ലെങ്കിൽ ഏജൻസികളെക്കൊണ്ടോ ഇതിന്റെ നിർമ്മാണപ്രവർത്തനം ഏറെറടുത്തുനടത്തിക്കുന്നതിനുള്ള തീരുമാനമെടുക്കുകയുണ്ടായി. അതിന്റെഅടിസ്ഥാനത്തിൽ 20-6-1995-ൽ കൂടിയ മന്ത്രിസഭായോഗത്തിൽ ഈവിഷയം ഒരു അജണ്ടയായി വരികയും മന്ത്രിസഭാ യോഗം അതിന് അംഗീകാരം നൽകുകയും ചെയ്തു. മന്ത്രിസഭാ യോഗ തീരുമാനത്തെ തുടർന്ന് 4-7-1995-ൽ ഗവൺമെൻറ് ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവിനുശേഷം ഗവൺമെൻറ് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു.

"കേരള സംസ്ഥാനത്ത് പാലക്കാട് ജില്ലയിലെ വെള്ളിയാംകല്ല് പ്രദേശത്തെ തൃത്താലയ്ക്ക് അടുത്ത് ഭാരതപ്പുഴ ആറിനു കുറുകെ ഒരു റഗുലേററർ ഉംപ്പെടെയുള്ള പാലം പണമിറക്കി നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും സംരക്ഷിക്കുന്നതിനും മുൻനിരക്കാരായ കോൺട്രാക്ടർമാർ, സ്ഥാപനങ്ങൾ, പേരെടുത്ത കമ്പനികൾ എന്നിവരിൽ നിന്നും ഓഫറുകൾ ക്ഷണിച്ചുകൊള്ളുന്നു. സ്വാശ്രയ പോഷണം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിക്ക് അവിടെ നിന്നും കരം പിരിക്കാവുന്നതാണ്. റഗുലേററർ ഉംപ്പെടെയുള്ള പ്രസ്തുത പാലം കൊണ്ട് ഉദ്ദേശിക്കുന്നത് താഴെ പറയുന്നവയാണ്. ഗതാഗതസൗകര്യങ്ങൾ പ്രദാനം ചെയ്യുക, ജലസേചനവും ജലവിതരണ ആവശ്യവും നിറവേറുന്നതിന് മതിയായ സംഭരണശേഷിയുള്ള ഒരു ജല സംഭരണി സജ്ജമാക്കുക, പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഭൂമി സർക്കാർ നൽകുന്നതാണ്. പ്രസ്തുത പദ്ധതി ഏറെറടുക്കുന്ന ഏജൻസി ആവശ്യമായ സൂക്ഷ്മപരിശോധന നടത്തി സ്വന്തം ചിലവിൽ നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. അതിന്റെ ഘടനയും മറെറാ കാര്യങ്ങളും ഡിപ്പാർട്ടുമെൻറുകൂടി ആലോചിച്ച് തീരുമാനിക്കുന്നതാണ്. പദ്ധതിയുടെ സാമ്പത്തിക ബാദ്ധ്യത പൂർത്തിയായതിനുശേഷം പദ്ധതി സർക്കാരിനു കൈമാറേണ്ടതാണ്" എന്നു പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. ഇന്ത്യയിലെ എല്ലാ പ്രമുഖ പത്രങ്ങളിലും ആ വിജ്ഞാപനം കൊടുത്തിരുന്നു. അതിന്റെ ലാസ്റ്റ് ഡേറ്റ് 30-12-1995 ആയിരുന്നു. പക്ഷെ നാളിതുവരെ ആരിൽനിന്നും ഒരു ഓഫറും വന്നിട്ടില്ല. ഞാൻ ഇവിടെ സൂചിപ്പിച്ചതിൽ നിന്നും വളരെ താല്പര്യപൂർവ്വം ഗവൺമെന്റ് ഇക്കാര്യത്തിൽ മുന്നോട്ടു നീങ്ങിയിട്ടുണ്ട്. നമ്മുടെ സ്റ്റേറ്റിന്റെ സാമ്പത്തിക പരാധീനത കണക്കിലെടുക്കുമ്പോൾ 20 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള ഒരു വർക്ക് ടെൻഡർ ചെയ്താൽ സാധാരണ വർക്ക് പോകുന്ന നിരക്കു വച്ചു നോക്കിയാൽ ആ എമൗണ്ടിന്റെ 65-70% ഉയർന്ന നിരക്കിലാണ് വരുന്നത്. 20 കോടിയുടെ 70% ഉയർന്ന നിരക്ക് എന്നു പറയുമ്പോൾ ഇത്രയും തുക സംസ്ഥാന ഗവൺമെന്റിനു കണ്ടെത്താൻ ബുദ്ധിമുട്ടു വരും. ഇതു വന്നുകഴിഞ്ഞാൽ കോഴിക്കോട് ഭാഗത്തേക്ക് 11 കി. മീ. ദൈർഘ്യം കുറയുന്നതാണ്. ഇതിനകത്തു ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്ന് ശ്രീ. ശങ്കരൻ പറഞ്ഞതു ശരിയല്ല. വളരെ ആത്മാർത്ഥമായി ഇക്കാര്യത്തിൽ ഞാൻ കുറെ നടപടികൾ സ്വീകരിച്ച് ജനപ്രതിനിധികളുമായി ആലോചിച്ച് ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ ചെയ്തു. ഇത് ഗീവ് അപ്പ് ചെയ്തിട്ടില്ല. ഇനി എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ഒന്നുകൂടി വിശദമായി ചർച്ച ചെയ്തു തീരുമാനമെടുക്കാം. ഇതിൽ കൂടുതലായി ഗവൺമെന്റിന് മുന്നോട്ടു പോകാൻ ബുദ്ധിമുട്ടുണ്ട് എന്നു കൂടി സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഇ. ശങ്കരൻ : കുടിവെള്ള പ്രശ്നം മാത്രമല്ല; മറ്റു പല പ്രശ്നങ്ങളും ഉണ്ട്. പാവറട്ടി ശുദ്ധജല വിതരണ പദ്ധതി ഫലപ്രദമാകണമെങ്കിൽ, ജനങ്ങൾക്ക് വെള്ളം കൊടുക്കാൻ പറ്റണമെങ്കിൽ ഭാരതപുഴയിൽ വെള്ളമുണ്ടാകണം. കുറച്ചു കിണറുകൾ കുഴിച്ചിട്ടു കാര്യമില്ല. വെള്ളം കിട്ടണമെങ്കിൽ അവിടെയുള്ള വെള്ളം തടഞ്ഞുനിർത്താൻ പദ്ധതി വേണം അതുപോലെതന്നെ വിവിധ പഞ്ചായത്തുകൾ തരാമെന്നു പറയുന്ന തുകകൾ സ്വരൂപിച്ചുകൊണ്ട് ഗവൺമെന്റ് ഇതിനു ഒന്നുകൂടി തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഭാരതപ്പുഴയ്ക്ക് ഗവൺമെന്റ് ഇതിനകം തന്നെ ചെക്ക് ഡാം നിർമ്മിച്ചിട്ടുണ്ട്. ഈ പ്രത്യേക സ്ഥലത്ത് ചെക്കു ഡാം പണിയണമെങ്കിൽ അതിന്റെ അടിത്തറ ഉറപ്പിക്കാൻ വളരെ സാങ്കേതികത്വം വേണ്ടിവരും. അതുകൊണ്ടാണ് ഇതിന്റെ എസ്റ്റിമേറ്റ് തുക 9 കോടി രൂപയിൽനിന്ന് 20 കോടിയായി വർദ്ധിച്ചത്. പാവറട്ടി സ്കീമിനെ സംബന്ധിച്ച് അതിനു വെള്ളം ലഭ്യമാക്കാനുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കാം. ഇതൊരു പാലമായി രൂപകല്പന ചെയ്തിരിക്കുന്നതു കൊണ്ടാണ് ഇത്രയും തുക വരുന്നത്. അല്ലാതെ വെള്ളത്തിനുവേണ്ടി മാത്രം ചെറിയൊരു വിയർ കെട്ടുകയോ മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യുന്നതിന് ബുദ്ധിമുട്ടില്ല. ശുദ്ധജല വിതരണത്തെ ബാധിക്കാതിരിക്കുവാൻ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly